(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 43399 ഹെക്ടർ (107196 ഏക്കർ) ഭൂമി മിച്ചഭൂമിയായിട്ടുണ്ടായിരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1168.82 ഹെക്ടർ (2887 ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തു.

തിരുവനന്തപുരം ജില്ലയിൽ സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് ഉണ്ടായ നഷ്ടം

77 [1810] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ ദുരിതബാധിതർക്ക് പണം കൈമാറിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഏകദേശം 31537 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉൾപ്പെടെ 328.13 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പണം കൈമാറിയിട്ടില്ല.

സുനാമിമൂലം നാശനഷ്ടം സംഭവിച്ചവരെ സഹായിക്കുന്നതിനുവേണ്ടി നടത്തിയ ധനശേഖരണം

78 [1811] *ശ്രീ. വി. ജെ. പൗലോസ്:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *പി. ജെ. ജോയി:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിമൂലം നാശനഷ്ടം സംഭവിച്ചവരെ സഹായിക്കുന്നതിനുവേണ്ടി ഏതെല്ലാം വ്യക്തികളും സ്ഥാപനങ്ങളും ധനശേഖരണം നടത്തിയിട്ടുണ്ട്; ഇതിൽ ഏതെല്ലാം രാഷ്ട്രീയ കക്ഷികൾ ഉൾപ്പെടുന്നു;

LIBRARY ARCHIVES Kerala Legislative Assembly